നം: ഇഡി1/7133/08/Vol. 3

ചീഫ് എഞ്ചിനീയരുടെ കാര്യാലയം,
പൊതുമരാമത്ത് വകുപ്പ്,
ഭരണവിഭാഗം,
തിരുവനന്തപുരം,
തീയതി: 03/08/2015

# സർക്കുലർ

വിഷയം: പൊ.മ.വ - ജീവനക്കാര്യം- പൊതുമരാമത്ത് വകുപ്പിൽ നിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് പുനർ വിന്യസിച്ചവരെ വിടുതൽ ചെയ്യുന്നത്- സംബന്ധിച്ച്

സൂചന: 1) സ.ഉ. (അ) നമ്പർ 131/12/തസ്വഭവ തീയതി 16/05/2012
2) സ.ഉ. (അ) നമ്പർ 254/2015/തസ്വഭവ തിരുവനന്തപുരം തീയതി 31/07/2015

*******

അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് സൂചന (1) പ്രകാരം താൽക്കാലികമായി പുനർവിന്യസിച്ചിരുന്ന പൊതുമരാമത്ത് വകുപ്പിലെ ജീവനക്കാരുടെ പുനർവിന്യാസ കാലാവധി അവസാനിച്ചതിനാൽ മാതൃവകുപ്പിലേക്ക് മടങ്ങിപ്പോകാൻ വകുപ്പ് അദ്ധ്യക്ഷൻമാർക്ക് അപേക്ഷ സമർപ്പിച്ചിരുന്ന ജീവനക്കാരെ വിടുതൽ ചെയ്യുവാൻ സൂചന (2) പ്രകാരം ഉത്തരവായിരിക്കുകയാണ്.

ഈ സാഹചര്യത്തിൽ പൊതുമരാമത്ത് വകുപ്പിലേക്ക് മടങ്ങി വരുവാൻ വകുപ്പ് അദ്ധ്യക്ഷന് അപേക്ഷ സമർപ്പിച്ചിരുന്ന ജീവനക്കാരെ അടിയന്തിരമായി വിടുതൽ ചെയ്യണമെന്ന് അറിയിക്കുന്നു.

ഒപ്പ്/-
**സീനിയർ ഭരണകാര്യസ്ഥൻ**
പൊതുമരാമത്ത് വകുപ്പ്, ഭരണം

പകർപ്പ്: 1) എല്ലാ ഗ്രാമപഞ്ചായത്ത് അദ്ധ്യക്ഷൻമാർക്കും, സെക്രട്ടറിമാർക്കും
2) എല്ലാ ബ്ലോക്ക് പഞ്ചായത്ത് അദ്ധ്യക്ഷൻമാർക്കും, സെക്രട്ടറിമാർക്കും
3) എല്ലാ ജില്ലാ പഞ്ചായത്ത് അദ്ധ്യക്ഷൻമാർക്കും, സെക്രട്ടറിമാർക്കും
4) എല്ല മുനിസിപ്പൽ/ കോർപ്പറേഷൻ അദ്ധ്യക്ഷൻമാർക്കും, സെക്രട്ടറിമാർക്കും
5) വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്

*അംഗീകാരത്തോടെ*

*ഭരണസഹായി*

fc1